# 1883–ലെ ജർമ്മൻ പതിപ്പിനുള്ള മുഖവുര

ഈ പതിപ്പിനുള്ള മുഖവുര, ഹാ! ഞാൻ ഒററയ്ക്കു് എഴുതേണ്ടിവന്നിരിക്കുന്നു. മാർക്സ്—യൂറോപ്പിലേയും അമേരിക്കയിലേയും മുഴുവൻ തൊഴിലാളിവർഗ്ഗവും മററാരോടുമെന്നതിനെക്കാൾ അദ്ദേഹത്തോടു് കടപ്പെട്ടിരിക്കുന്നു—ഇന്നു് ഹൈഗേററു് സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുകയാണു്. അദ്ദേഹത്തിന്റെ ശവകുടീരത്തിന്മേൽ ആദ്യത്തെ പുൽക്കൊടികൾ മുളച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മരണാനന്തരം മാനിഫെസ്റ്റോയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ തിരുത്തുകയോ ചെയ്യുന്നതിനെപ്പററി ഇതുവരെയുണ്ടായിരുന്നതുപോലും ചിന്തിക്കാനാവില്ല. പ്രത്യേകിച്ചും, താഴെപ്പറയുന്ന കാര്യം അസന്ദിഗ്ദ്ധമായി വീണ്ടും പ്രസ്താവിക്കേണ്ടതു് ആവശ്യമാണെന്നു് ഞാൻ കരുതുന്നു.

ഓരോ ചരിത്രകാലഘട്ടത്തിലേയും സാമ്പത്തികോല്പാദനവും അതിൽനിന്നു് അവശ്യമുയരുന്ന സാമൂഹ്യവ്യവസ്ഥയുമാണു് ആ കാലഘട്ടത്തിന്റെ രാഷ്ട്രീയവും ബുദ്ധിപരവുമായ ചരിത്രത്തിന്റെ അടിത്തറ; അതിനാൽ, (പ്രാചീനമായ പൊതുഭൂവുടമവ്യവസ്ഥയുടെ നാശത്തിനുശേഷമുള്ള) ചരിത്രമാകെ സാമൂഹ്യവികാസത്തിന്റെ വിവിധദശകളിൽ നടന്നിട്ടുള്ള വർഗ്ഗസമരങ്ങളുടെ ചരിത്രമാണു്, ചൂഷകരും ചൂഷിതരും, മേലാളരും കീഴാളരുമായ വർഗ്ഗങ്ങൾ തമ്മിൽ നടന്നിട്ടുള്ള സമരങ്ങളുടെ ചരിത്രമാണു്. എന്നാൽ ചൂഷിതരും മർദ്ദിതരുമായ വർഗ്ഗത്തിനു് (തൊഴിലാളിവർഗ്ഗത്തിനു്) ചൂഷണത്തിൽനിന്നും മർദ്ദനത്തിൽനിന്നും വർഗ്ഗസമരത്തിൽനിന്നും സമൂഹത്തെയാകെ എന്നെന്നേക്കുമായി മോചിപ്പിക്കാതെ ചൂഷകരിൽനിന്നും മർദ്ദകരിൽനിന്നും (ബൂർഷ്വാസിയിൽനിന്നു്) സ്വയം മോചനം നേടാൻ കഴിയുകയില്ല എന്നൊരു ഘട്ടത്തിൽ ഇന്നു് ആ വർഗ്ഗസമരം എത്തിച്ചേർന്നിരിക്കുന്നു—മാനിഫെസ്റ്റോയിലുടനീളം പ്രസരിച്ചിട്ടുള്ള ഈ മൗലികചിന്താഗതി മാർക്സിന്റേതു മാത്രമാണു്, മററാരുടേയുമല്ല.*

ഞാൻ ഇതു് പലതവണ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണു്. എങ്കിലും അതിനു മാനിഫെസ്റ്റോയുടെ മുഖവുരയിൽത്തന്നെ സ്ഥാനമുണ്ടാകണമെന്നതു് തിട്ടമായും ഇന്നു് ഒരാവശ്യമാണു്.

ലണ്ടൻ, എഫ്. എംഗൽസ്
ജൂൺ 28, 1883

---

* ഇംഗ്ലീഷ് പരിഭാഷയ്ക്കുള്ള മുഖവുരയിൽ ഞാനെഴുതിയിരുന്നു: ''ജീവശാസ്ത്രത്തിൽ ഡാർവിന്റെ സിദ്ധാന്തം എന്തൊരു പങ്കാണോ നിർവ്വഹിച്ചിട്ടുള്ളതു് ആ പങ്കു് ചരിത്രത്തെ സംബന്ധിച്ചിടത്തോളം നിവേററാൻ പരികല്പിതമാണു് ഈ പ്രമേയം എന്നാണു് എന്റെ അഭിപ്രായം. 1845–നുമുമ്പുള്ള ഏതാനും കൊല്ലങ്ങളിലായി ഞങ്ങളിരുപേരും ഈ പ്രമേയത്തിലെത്താൻ തുടങ്ങിയിട്ടുണ്ടായിരുന്നു. ഞാൻ സ്വന്തമായി, സ്വതന്ത്രമായി അതിലേക്കെത്രകണ്ടു പുരോഗമിച്ചിട്ടുണ്ടായിരുന്നുവെന്നതു് ഞാനെഴുതിയിട്ടുള്ള 'ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി' എന്ന പുസ്തകത്തിൽനിന്നും സ്പഷ്ടമാകും. എന്നാൽ 1845–ലെ വസന്തത്തിൽ ബ്രസൽസിൽവച്ചു് ഞാൻ മാർക്സിനെ വീണ്ടും കണ്ടപ്പോഴേക്കും അദ്ദേഹം അതു് നിർവ്വചിച്ചുകഴിഞ്ഞിരുന്നുവെന്നു മാത്രമല്ല, ഞാൻ മുകളിൽ പ്രസ്താവിച്ച രീതിയിൽ മിക്കവാറും അത്രതന്നെ വ്യക്തമായ വിധത്തിൽ അതു് എന്റെ മുമ്പിൽ വയ്ക്കുകയും ചെയ്തു.'' (1890–ലെ ജർമ്മൻ പതിപ്പിനുള്ള എംഗൽസിന്റെ കുറിപ്പ്.)